**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1087** **10-08-2023 - ൽ മറുപടിയ്ക്ക്**

**ഡാമുകളിലെ ജലനിരപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജലവിഭവ വകുപ്പിന് കീഴിലുള്ള ഡാമുകളിലെ നിലവിലെ ജലനിരപ്പ് എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | ഡാമുകളുടെ നിലവിലുള്ള ജലനിരപ്പ് സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കാലവർഷം ദുർബലമായതിനാൽ ജലനിരപ്പ് മുൻവർഷത്തേക്കാൾ കുറഞ്ഞിരിക്കുന്ന സാഹചര്യമാണോ നിലവിലുള്ളത്; ജലനിരപ്പ് കുറയുന്നതുമൂലം പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ബി) | കാലവർഷം ദുർബലമായതിനാൽ എല്ലാ ഡാമുകളിലേയും ജലനിരപ്പ് മുൻ വർഷത്തെ അപേക്ഷിച്ച് കുറവാകുന്നു. പ്രതിസന്ധി തരണം ചെയ്യുന്നതിനായി വിവിധ ഡാമുകളിൽ സ്വീകരിക്കുന്ന മുൻകരുതലുകൾ ചുവടെ ചേർക്കുന്നു:-<br><br>കാഞ്ഞിരപ്പുഴ ഡാമിൽ പരമാവധി ജലം സംഭരിക്കുന്നതിനായി Spill way ഷട്ടറുകൾ -അടച്ചിട്ടിരിക്കുകയാണ്. പോത്തുണ്ടി ഡാമിൽ നിലവിലെ സാഹചര്യത്തിൽ റൂൾ കർവ് പാലിക്കേണ്ടതില്ല എന്ന് IDRB ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളതിനാൽ കൂടുതൽ ജലം സംഭരിക്കാൻ സാധിക്കുന്നതാണ്. മഴക്കുറവ് മൂലം മംഗലം ഡാമിൽ ഷട്ടറുകൾ അടച്ചിട്ടിരിക്കുയാണ്. മലമ്പുഴ ഡാമിൽ നിലവിൽ ആശങ്കപ്പെടാനുള്ള സാഹചര്യമില്ല. മീങ്കര, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിലെ ജലത്തിന്റെ കുറവും ജലവിതരണ ക്രമീകരണങ്ങളും കർഷകരേയും മറ്റ് അധികാരികളേയും അറിയിക്കുന്നുണ്ട്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ പെരുവണ്ണാമൂഴി ഡാമിൽ കെ.എസ്.ഇ.ബി യുടെ ബാണാസുരസാഗർ, കക്കയം ഡാമുകളിൽ നിന്ന് വൈദ്യുതോൽപ്പാദനത്തിന് ശേഷം പുറത്തുവിടുന്ന ജലം എത്തുന്നതിനാൽ മഴക്കാലത്ത് ഷട്ടർ പൂർണ്ണമായും തുറന്നു വെയ്ക്കുകയാണ് ചെയ്യുന്നത്. എന്നിരുന്നാലും ജലസേചനവും, വാട്ടർ അതോറിറ്റിയുടെ ടിവെള്ള വിതരണവും മുടക്കമില്ലാതെ സാധ്യമാവുന്നുണ്ട്. പെരുവണ്ണാമൂഴി ഡാമിന്റെ പൂർണ്ണ സംഭരണ ശേഷിയിൽ ജലസംഭരണം നടത്തുന്നതിനു വേണ്ടി സപ്പോർട്ടിംഗ് ഡാമിന്റെ നിർമ്മാണം നടന്നു വരികയാണ്. പഴശ്ശി ബാരേജിന്റെ ജലനിരപ്പ് |

കുറഞ്ഞിട്ടുണ്ട്. ബാരേജിന്റെ ഷട്ടറുകൾ ക്രമീകരിച്ച് ജലനിരപ്പ് നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാരാപ്പുഴ ഡാമിലും ജലനിരപ്പ് ക്രമീകരിച്ച് നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നെയ്യാർ ജലസംഭരണിയിലെ 05.08.2023-ലെ ജലനിരപ്പ് 82.13 മീറ്ററും കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 82.97 മീറ്ററും ആണ്. നെയ്യാർ ഇടതുകര, വലതുകര കനാലുകൾ നിലവിൽ അടച്ചിരിക്കുകയാണ്. മഴ കുറവായതിനാൽ നിയന്ത്രിത അളവിൽ മാത്രം കനാലുകൾ തുറക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തെന്മല പരപ്പാർ ഡാമിലെ ജലനിരപ്പ് മുൻ വർഷത്തെ അപേക്ഷിച്ച് നിലവിൽ കുറവായിട്ടാണ് കാണുന്നത്. കാലവർഷം ദുർബലമായതിനാൽ ജലനിരപ്പ് കുറയുന്നത് മൂലം പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ വൈദ്യുതി ഉല്പാദനത്തിനായി രണ്ട് ജനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന് പകരം ഒരു ജനറേറ്ററായി കുറയ്ക്കുന്നതിന് KSEB നിർദ്ദേശം നൽകുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നു.

വാഴാനി / ചിമ്മിനി ഡാമുകളിലെ ജലനിരപ്പ് മുൻവർഷത്തെ അപേക്ഷിച്ച് നിലവിൽ കുറവായിട്ടാണ് കാണുന്നത്. അണക്കെട്ടുകളിൽ ജലനിരപ്പ് വളരെ കുറഞ്ഞിരിക്കുകയാണെന്നും അത് മുണ്ടകൻ കൃഷിക്കായുള്ള ജലവിതരണത്തെ സാരമായി ബാധിക്കുമെന്നതിനാൽ കാർഷിക കലണ്ടറിൽ അതിനനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ കാര്യാലയത്തിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്കും, തൃശ്ശൂർ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർക്കും കത്ത് നൽകിയിട്ടുണ്ട്.

മലങ്കര ഡാം - ജലനിരപ്പ് മുൻ വർഷത്തെ അപേക്ഷിച്ച് കുറഞ്ഞിരിക്കുന്ന സാഹചര്യമാണുള്ളത്. ഡാമിലെ മെയിന്റനൻസ് പ്രവൃത്തി നടക്കുന്നതിനാൽ സ്പിൽവേ ഷട്ടർ തുറന്ന് വയ്ക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത്. 39.5 മീറ്ററിൽ ജലനിരപ്പ് നിലനിർത്തിയാൽ മാത്രമേ കുടിവെള്ള വിതരണം സുഗമമായി നടക്കുകയുള്ളൂ. ആഗസ്റ്റ് 7-ാം തീയതി മുതൽ ജലനിരപ്പ് 39.50 മീറ്ററിലേക്ക് ഉയർത്തുവാൻ സാധിക്കുന്നതാണ്.

ഭൂതത്താൻകെട്ട് ബാരേജ്/ മണിയാർ ബാരേജ് - മഴക്കാലത്ത് ബാരേജിന്റെ ഷട്ടർ തുറന്നു വയ്ക്കുകയാണ്

| | | | |
|---|---|---|---|
| | | | പതിവ്. ആയതിനാൽ ജലനിരപ്പ് ബാധകമല്ല.<br><br>പീച്ചി ഡാമിൽ മുണ്ടകൻ കൃഷിക്കായുള്ള ജലവിതരണത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും ആയതിനാൽ കാർഷിക കലണ്ടറിൽ അതിനനുസൃതമായി മാറ്റങ്ങൾ വരുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി തൃശ്ശൂർ ജില്ലാ കളക്ടർക്കും തൃശ്ശൂർ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്.<br><br>അന്തർ സംസ്ഥാന ഡാമുകളെ സംബന്ധിച്ച് കാലവർഷം ദുർബലമാകും എന്ന കണക്ക് കൂട്ടലിൽ ഔചിത്യപൂർണ്ണമായ ജല വിനിയോഗ രീതിയിലൂടെ ഇരു സംസ്ഥാനങ്ങളുടെയും താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാനുള്ള നടപടികൾ തമിഴ് നാട് ജലവിഭവ വകുപ്പുമായി ചേർന്ന് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ഡാമിന്റെ പേര് | ജലനിരപ്പ് (മീറ്റർ) (+MSL) |
|---|---|---|
| 1 | മലമ്പുഴ | 107.21 |
| 2 | മംഗലം | 76.73 |
| 3 | പോത്തുണ്ടി | 98.80 |
| 4 | മീങ്കര | 150.87 |
| 5 | ചുള്ളിയാർ | 144.25 |
| 6 | വാളയാർ | 196.91 |
| 7 | ശിരുവാണി | 870.72 |
| 8 | കാഞ്ഞിരപ്പുഴ | 93.80 |
| 9 | കാരാപ്പുഴ | 757.30 |
| 10 | കുറ്റ്യാടി | 37.36 |
| 11 | പഴശ്ശി | 20.95 |
| 12 | നെയ്യാർ ഡാം | 82.13 |
| 13 | തെന്മല പരപ്പാർ ഡാം | 100.78 |
| 14 | വാഴാനി ഡാം | 51.96 |
| 15 | ചിമ്മിനി ഡാം | 58.63 |
| 16 | മലങ്കര ഡാം | 36.70 |
| 17 | ഭൂതത്താൻകെട്ട് ബാരേജ് | 28.75 |
| 18 | മണിയാർ ബാരേജ് | 34 |
| 19 | കല്ലട | 100.73 |
| 20 | പീച്ചി | 70.47 |
| 21 | മൂലത്തറ (റെഗുലേറ്റർ) | 181.05 |

| Reservoir | Reservoir level (feet) | |
|---|---|---|
| | FRL | Present Water level |
| Kerala Sholayar | 2663 | 2634.90 |
| Tamil Nadu Sholayar | 3290 | 3268.57 |
| Lower Nirar | 3350 | 3311.97 |
| Aliyar | 1050 | 991.50 |
| Parambikulam | 1825 | 1787.91 |
| Thunakkadavu | 1770 | 1758.63 |
| Peruvaripallam | 1770 | 1758.63 |
| Thirumoorthy | 1337 | 1297.91 |
| Mullaperiyar | *142 | 121.50 |

* 7.5.2014 സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിലവിൽ പരമാവധി 142 അടിയാണ്.

പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള കേരള ഷോളയാർ ഡാം ഒഴികെയുള്ള മറ്റ് അന്തർ സംസ്ഥാന ഡാമുകളുടെ മേൽനോട്ടവും പരിപാലനവും തമിഴ്നാട് ജലവിഭവ വകുപ്പാണ് നിർവ്വഹിക്കുന്നത്

സെക്ഷൻ ഓഫീസർ